## നിങ്ങൾക്ക് ഒരു സ്മാർട്ട് ഫോൺ അഥവാ ഇന്റർനെറ്റ് സൗകര്യം ഇല്ലേ?

## ഇല്ലെങ്കിൽ *99# ഉപയോഗിച്ച് ഡിജിറ്റലാകൂ

ഒരു ഫീച്ചർ ഫോൺ / ഇന്റർനെറ്റ് ബന്ധം ലഭ്യമല്ലാത്ത മൊബൈൽ ഫോൺ ഉപയോഗിച്ച് യു എസ് എസ് ഡി കോഡ് (*99#) ഡയൽ ചെയ്തുകൊണ്ട് രണ്ട് ബാങ്ക് അക്കൗണ്ടുകൾ തമ്മിൽ പണം കൈമാറാൻ അവസരമൊരുക്കുന്ന ഒരു വേദി.




# *99#

നിങ്ങൾക്ക് പ്രയോജനപ്പെടുത്താം. . .

- നിങ്ങളുടെ മൊബൈൽ നമ്പർ നിങ്ങളുടെ ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിച്ചിട്ടുണ്ടായിരിക്കണം
- നിങ്ങൾക്ക് ഒരു എ ടി എം / ഡെബിറ്റ് കാർഡ് ഉണ്ടായിരിക്കണം

## ഒറ്റത്തവണ രജിസ്ട്രേഷൻ പ്രക്രിയ

1. *99# ഡയൽ ചെയ്ത് ഭാഷ തിരഞ്ഞെടുക്കുക.
2. നിങ്ങളുടെ ബാങ്ക് അക്കൗണ്ടിന്റെ ഐ എഫ് എസ് സി കോഡിലെ ആദ്യത്തെ നാല് അക്കങ്ങൾ രേഖപ്പെടുത്തുക.
3. ബാങ്ക് അക്കൗണ്ട് തിരഞ്ഞെടുക്കുക
4. നിങ്ങളുടെ വിർച്വൽ പേയ്മെന്റ് അഡ്രസ് (വി പി എ) അല്ലെങ്കിൽ യു പി ഐ ഐഡി നിങ്ങളുടെ മൊബൈൽ നമ്പർ @ യു പി ഐ ആയിരിക്കും.
5. യു പി ഐ പിൻ സൃഷ്ടിക്കുക. ഇതിനായി *99*7*1# ഡയൽ ചെയ്യുകയും,
   - എ ടി എം കാർഡിലെ അവസാനത്തെ 6 അക്കങ്ങളും
   - എ ടി എം കാർഡിന്റെ കാലാവധി തീരുന്ന മാസവും വർഷവും നൽകുക

- നിങ്ങളുടെ യു പി ഐ പിൻ ഉപയോഗിച്ച്, ഏതൊരു ഗുണഭോക്താവിനും അനായാസേന പണം കൈമാറാൻ ഗുണഭോക്താവിന്റെ വിർച്വൽ അഡ്രസ് മാത്രം അറിഞ്ഞിരുന്നാൽ മതി.
- ഗുണഭോക്താവിന് ഒരു വിർച്വൽ അഡ്രസ് ഇല്ലാത്ത പക്ഷം ഗുണഭോക്താവിന്റെ ഐ എഫ് എസ് സി യും അക്കൗണ്ട് നമ്പരും ഉപയോഗിച്ചോ അല്ലെങ്കിൽ ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിച്ചിട്ടുള്ള ആധാർ നമ്പർ അല്ലെങ്കിൽ മൊബൈൽ നമ്പർ ഉപയോഗിച്ചോ പണം കൈമാറ്റം ചെയ്യാനുള്ള സൗകര്യവും ലഭ്യമാണ്.
- യു പി ഐ യിലും *99# ലും രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു ഗുണഭോക്താവിന് *99# ഉപയോഗിച്ച് പണം കൈമാറ്റം ചെയ്യാൻ കഴിയുന്നതാണ്.

- അതിവേഗ 24 * 7 തത്സമയ പണം കൈമാറൽ
- സുരക്ഷിതം, ഭദ്രം



*99#

ഫിനാൻഷ്യൽ ഇൻക്ലൂഷൻ & ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്
ഭാരതീയ റിസർവ് ബാങ്ക്
www.rbi.org.in